പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *658 25.05. 2017 ൽ മറുപടിക്ക്

## എനർജി മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

ചോദ്യം

ശ്രീ.എൻ.വിജയൻപിള്ള
" കെ.ദാസൻ
" ബി.ഡി.ദേവസ്സി
" ഐ.ബി.സതീഷ്

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഊർജ്ജ പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ഊർജ്ജ ഓഡിറ്റിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ഊർജ്ജ ഓഡിറ്റിലൂടെ ഊർജ്ജം നഷ്ടപ്പെടുന്ന വഴികൾ കണ്ടെത്തി ഊർജ്ജകാര്യക്ഷമത ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുക വഴി വലിയതോതിൽ ഊർജ്ജം ലാഭിക്കുവാൻ കഴിയും.<br>എല്ലാ മേഖലകളിലും ഊർജ്ജ ഓഡിറ്റിന് സാദ്ധ്യതയുണ്ട്. ഊർജ്ജസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന ഊർജ്ജ ഉപഭോക്താക്കൾക്ക് നിശ്ചിത ഇടവേളകളിലൂടെ ഊർജ്ജ ഓഡിറ്റ് നിർബന്ധമാണ്.<br>പൊതുകെട്ടിടങ്ങൾ, വ്യവസായങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ എന്നിവ ഊർജ്ജ ഓഡിറ്റ് പ്രോത്സാഹിപ്പിച്ച് ഊർജ്ജകാര്യക്ഷമമാക്കുന്നതിന് ഇ.എം.സി സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) എല്ലാ വൻകിട ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ വിദാംശം നൽകുമോ; | (ബി) ഉണ്ട്. ഊർജ്ജസംരക്ഷണ നിയമം 2001- പ്രകാരം സംസ്ഥാനത്തെ 9 വൻകിട ഊർജ്ജ ഉപഭോക്താക്കളെ 'ഡെസിഗ്നേറ്റഡ് കൺസ്യൂമർ' ആയി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇത്തരം സ്ഥാപനങ്ങൾക്ക് ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഊർജ്ജ ഓഡിറ്റ് നിർബന്ധിതമാണ്. ഈ സ്ഥാപനങ്ങളിൽ ഊർജ്ജഓഡിറ്റ് നടത്തുന്നതിനു വേണ്ടി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി Acredited Energy Auditors ആയി 219 സ്ഥാപനങ്ങളെ ഇന്ത്യയിൽ എംപാനൽ ചെയ്തിട്ടുണ്ട്.സംസ്ഥാനത്തെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT/ EHT) സ.ഉ(സാധാ) 2/2011/ഊ.വ തീയതി 1-1-2011 പ്രകാരം മൂന്ന |

| | |
|---|---|
| | വർഷത്തിലൊരിക്കൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഇതിന്റെ പരിധിയിൽ വരുന്ന ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റിനായി എനർജി മാനേജ്മെന്റ് സെന്റർ എംപാനൽ ചെയ്ത ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളുടെ സേവനം ഉപയോഗിക്കാവുന്നതാണ്. |
| (സി) സർക്കാർ സ്ഥാപനങ്ങളിലും ചെറുകിട സ്ഥാപനങ്ങളിലും എനർജി ഓഡിറ്റിംഗ് നടത്താറുണ്ടോ; | (സി) ഉണ്ട്. സർക്കാർ ഓഫീസുകൾ, കെട്ടിടങ്ങൾ, വ്യവസായങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ എനർജി ഓഡിറ്റ് നടത്താറുണ്ട്. |
| (ഡി) എനർജി മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) ഊർജ്ജ മാനേജ്മെന്റ് രംഗത്ത് പഠനങ്ങളും ഗവേഷണങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ട്. വ്യക്തികൾ, വിദ്യാർത്ഥികൾ, അധ്യാപകർ, സ്ഥാപനങ്ങൾ എന്നിവർക്ക് ഗവേഷണത്തിനുള്ള പ്രപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. പ്രപ്പോസലുകൾ വിദഗ്ധ സമിതി വിലയിരുത്തി സാമ്പത്തിക സഹായം അനുവദിക്കും. |
| (ഇ) ഊർജ്ജസംരക്ഷണം സംബന്ധിച്ച് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ? | (ഇ) ഉണ്ട്. കഴിഞ്ഞ കാലഘട്ടത്തിൽ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിൽ ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ പരസ്യ രൂപത്തിൽ നൽകിയിട്ടുണ്ട്. ഇതുകൂടാതെ ആകാശവാണിയിലൂടെ ശ്രോതാക്കളുടെ ഊർജ്ജ സംരക്ഷണ സംബന്ധമായ സംശയങ്ങൾക്ക് ഇ.എം.സി ഉദ്യോഗസ്ഥർ മറുപടി നൽകുന്ന ഹലോ ആകാശവാണി പരിപാടിയും നടത്തിയിട്ടുണ്ട്. പത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ എന്നിവയിൽ പരസ്യങ്ങൾ നൽകുന്നത് കൂടാതെ അവയുമായി ചേർന്ന് വായനക്കാർക്കായി മത്സരപരിപാടികളും നടത്തിയിട്ടുണ്ട്. ഇത്തരം പരിപാടികൾ ഭാവിയിലും ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Power Department - Conservation of Electrical Energy - Making of Energy Audit Mandatory - Orders issued.

---

**POWER (A) DEPARTMENT**

**G.O.(Rt) No. 2/2011/P.D.** **Dated, Thiruvananthapuram 1.1.2011.**

---

Read: 1. GO (MS) No.12/92/PD dated 30.9.92.
2. GO (MS) No.19/92/PD dated 3.11.92.

**ORDER**

Government as per the GO read as paper Ist above have ordered that energy audit will be mandatory in order to regulate consumption and use of electrical energy and directed all High Tension/Extra High Tension/High rise buildings, apartments to conduct energy audits.

As per the order read as per 2nd above. Government have also issued revised guidelines in connection with the Energy Audit. Now the Government of India, as per the Energy Conservation Act, 2001, has made Energy Audit mandatory for Designated Consumers in all States.

Government of Kerala accords high priority to energy conservation and energy efficiency. In order to make industries energy efficient and to reduce their energy intensity, the Director. Energy Management Centre has furnished a proposal for making Energy Audit madatory for all the High Tension. Extra High Tension installations once in three years and to forward the report in the prescribed format to the Energy Management Centre.

Government have examined the matter in detail and are pleased to order that Energy Audit shall be mandatory for all High Tension/ Extra High Tension installations and High Rise buildings, and that this audit shall be got done periodically, once in three years as a part of the implementation of the Energy Conservation Act, 2001 in the State of Kerala as per provisions of Section 18 of the Energy Conservation Act, 2001 (Central Act 53 of 2001)

The Energy Management Centre will implement the Energy Audit scheme as per the terms proposed by them.

By Order of the Governor,

**Paul Antony**
Principal Secretary to Government

To

The Director General, BEE, Ministry of Power, Government of India (with C/L)
The Director, Energy Management Centre, Thiruvananthapuram
The Secretary, Kerala State Electricity Board, Vydhuthi Bhavan, Pattom, Thiruvananthapuram
The Principal Accountant General (Audit)/ Kerala, Thiruvananthapuram.
The Accountant General(A&E) Kerala, Thiruvananthapuram
GA(SC) Department (vide No.5525 dated 29.12.2010)
Stock file/Office copy.

Forwarded/By Order

Section Officer